27782
30/12/17

കേരള സർക്കാർ

എസ്.എസ്.എ 4/192/2017/ആഭ്യന്തരം                ആഭ്യന്തര ( എസ്.എസ്.എ ) വകുപ്പ്

തിരുവനന്തപുരം, 30.12.2017

## സർക്കുലർ

29/12/2017 ൽ മുബൈയിലെ ബഹുനില കെട്ടിടത്തിൽ ആഘോഷങ്ങൾക്കിടയിൽ ഉണ്ടായ അഗ്നിബാധയുടെ പശ്ചാത്തലത്തിൽ പുതുവത്സരാഘോഷങ്ങളിലെ മുൻകരുതലുകൾക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ആഘോഷങ്ങളുമായി ബന്ധപ്പെട്ട് സംഘാടകരും കെട്ടിട ഉടമകളും ഈ നിർദ്ദേശങ്ങൾ നിർബ്ബന്ധമായും പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

- ആഘോഷ സ്ഥലങ്ങളിലേയും കെട്ടിടങ്ങളിലേയും ഇലക്ട്രിക്കൽ വയറിംഗും ഉപകരണങ്ങളും പരിശോധിച്ച് സുരക്ഷതിത്വം ഉറപ്പു വരുത്തേണ്ടതാണ്.
- അഗ്നി സുരക്ഷാ സംബന്ധമായ എല്ലാ ഉപകരണങ്ങളും പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പു വരുത്തേണ്ടതാണ്.
- കെട്ടിടത്തിനുമുകളിലും ഗ്രൗണ്ടിലുമുള്ള ഫയർ വാട്ടർ ടാങ്കുകൾ നിർബന്ധമായും നിറച്ചിരിക്കേണ്ടതും ആവശ്യമായ സാഹചര്യങ്ങളിൽ പുറത്തുനിന്നും വെള്ളമെടുക്കുന്നതിന് സൗകര്യം ഒരിക്കിയിരിക്കേണ്ടതുമാണ്.
- ഫയർ എസ്കേപ്പ് സ്റ്റെയർകേസുകൾ /എമർജൻസി സ്റ്റെയർകേസുകൾ/ എക്സിറ്റുകൾ എന്നിവ യാതൊരു തടസ്സവുമില്ലാതെ സൂക്ഷിക്കേണ്ടതാണ്.
- LPG സീരിയൽ കണക്ഷൻ ഉപയോഗിക്കുന്ന ആഘോഷ സ്ഥലങ്ങളിലും കെട്ടിടങ്ങളിലും ആവശ്യമായ കൺട്രോൾ വാൾവുകളും അഗ്നിശമന സംവിധാനങ്ങൾ ഉണ്ടായിരിക്കേണ്ടതും അവ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതാണ്.
- പൊതു സ്ഥലങ്ങളിൽ പുകവലി നിരോധന ഉത്തരവ് നിർബന്ധനായും പാലിക്കേണ്ടതാണ്.
- അനുവദിച്ച അളവിലും പോലീസിന്റെ പ്രത്യേക നിർദ്ദേശങ്ങൾക്കനുസരിച്ചുമല്ലാതെ ആഘോഷ സ്ഥലങ്ങളിലോ കെട്ടിടങ്ങളിലോ പടക്കങ്ങൾ, ഇന്ധനം തുടങ്ങിയവ ഉപയോഗിക്കാനോ സൂക്ഷിക്കാനോ പാടില്ല.
- ആഘോഷങ്ങൾക്കായി ജലാശയങ്ങളിൽ ഉപയോഗിക്കുന്ന ബോട്ടുകളിൽ ആളുകളുടെ എണ്ണത്തിനനുസൃതമായി ലൈഫ് ജാക്കറ്റുകൾ കരുതേണ്ടതും ബോട്ടിൽ പ്രവേശിക്കുന്ന

എല്ലാ ആൾക്കാരും ലൈഫ് ജാക്കറ്റുകൾ ധരിക്കേണ്ടതുമാണ്. അനുവദനീയമായതിൽ കൂടുതൽ എണ്ണം ആളുകൾ യാതൊരുകാരണവശാലും ബോട്ടിൽ സഞ്ചരിക്കാൻ പാടില്ല.

ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പ് ഉദ്യോഗസ്ഥർ കെട്ടിടങ്ങളിലും ആഘോഷസ്ഥലങ്ങളിലും നടത്തുന്ന പരിശോധനകളിൽ നൽകുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതും പൊതുജനങ്ങൾ ഇതുമായി സഹകരിക്കേണ്ടതുമാണ്.

കെ.എം. എബ്രഹാം

ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

ഡയറക്ടർ ജനറൽ ,ഫയർ ആന്റ് റസ്ക്യൂ, തിരുവനന്തപുരം

ഡയറക്ടർ , ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും

കരുതൽ ഫയൽ

ഓഫീസ് കോപ്പി